പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1606 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| **ആധുനിക മോഡൽ അംഗൻവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. ബെന്നി ബെഹനാൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, റ്റി. എൻ. പ്രതാപൻ<br>,, വി. പി. സജീന്ദ്രൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആധുനിക മോഡൽ അംഗനവാടികൾ തുടങ്ങുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 140 നിയോജക മണ്ഡലങ്ങളിൽ നിലവിലുള്ള ഓരോ അംഗൻവാടിയെയും മാതൃകാ അംഗൻവാടിയായി ഉയർത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ലഭ്യമാകുന്നവ-യെയാണ് നിശ്ചിത മാനദണ്ഡപ്രകാരം ഇതിനായി തെരഞ്ഞെടുക്കുന്നത്. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി)എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയ-നുസരിച്ച് അംഗൻവാടികളിൽ ഒരുക്കി-യിട്ടുള്ളത്; വിശദമാക്കുമോ; | (ബി) & (സി) മാതൃകാ അംഗൻവാടി കെട്ടിടത്തിൽ ക്ലാസ്റൂം, ഡൈനിംഗ് റൂം, റീഡിംഗ് റൂം, മുതിർന്ന സ്ത്രീകളുടെ പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം; ശിശു സൗഹൃദ ടോയിലറ്റ്, സ്ത്രീ സൗഹൃദ ടോയിലറ്റ്, കുടിവെള്ള സൗകര്യം, ചുറ്റുമതിൽ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം വൃദ്ധരായ സ്ത്രീകളുടെ പകൽ പരിപാലനവും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായുള്ള സേവന ങ്ങളും മാതൃകാ അംഗൻവാടിയുടെ ലക്ഷ്യങ്ങൾ ആണ്. |
| (ഡി) ഈ പദ്ധതിയുടെ അടങ്കൽ തുക എത്ര യാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ഡി) ഒരു മാതൃകാ അംഗൻവാടിയുടെ അടങ്കൽ തുക 23.75 ലക്ഷം രൂപയാണ്. ഇതിൽ എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 6.75/- ലക്ഷം രൂപയും സാമൂഹ്യനീതി വകുപ്പിന് സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിനത്തിൽ കേന്ദ്രസഹായമായി ലഭിച്ചതിൽ ബാക്കിയുള്ള വിഹിതത്തിൽ നിന്ന് 17 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്. |
| (ഇ) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഇ) മാതൃകാ അംഗൻവാടി നിർമ്മാണത്തിനുള്ള ശുപാർശ സമർപ്പിക്കാൻ എല്ലാ എം.എൽ.എ മാരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം 65 അംഗൻവാടികൾക്ക് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകി ക്കഴിഞ്ഞു. നിർമ്മാണ പ്രവർത്തനത്തിന് കിറ്റ്കോ-യെ ഏൽപ്പിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ